(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ ശിപാർശ എന്താണ്; അറിയിക്കാമോ?

വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടില്ല.

(സി) വനം വകുപ്പിന് കീഴിലുള്ള തേക്ക് മരങ്ങൾ മുറിച്ചുമാറ്റി അവിടെ ഫലവൃക്ഷങ്ങൾ അടങ്ങുന്ന സ്വാഭാവിക വനവൽക്കരണം നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വന്യജീവി സങ്കേതങ്ങളിൽ ഉൾപ്പെടുന്ന തേക്ക് തോട്ടങ്ങളിൽനിന്നും പാകമായ തേക്കുമരങ്ങൾ മുറിച്ച് സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിന് ഒരു വിദഗ്ധ സമിതി 10-5-2019-ലെ സ.ഉ.(സാധാ) നമ്പർ168/2019/വനം എന്ന ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് രൂപം നൽകുകയോ കേന്ദ്രാനുമതിക്ക് അയക്കുകയോ ചെയ്തിട്ടില്ല.

വന്യജീവി ആക്രമണത്തിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത്

80(585) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ കൃഷി നാശമുണ്ടായാൽ കർഷകർക്ക് നഷ്ടപരിഹാരമായി എന്തൊക്കെയാണ് നൽകുന്നത് എന്ന് അറിയിക്കുമോ?

വന്യജീവി ആക്രമണംമൂലം കൃഷിനാശം, സ്വത്ത് നാശം, പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകുന്നതിനായി 1980-ൽ സർക്കാർ നിയമനിർമ്മാണം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിളനാശത്തിന് 8-1-2015-ലെ സ.ഉ.(കൈ)നമ്പർ 2/2015/വനം എന്ന സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു.

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ചെമ്പനോട, മുതുകാട്, ചക്കിട്ടപാറ പ്രദേശങ്ങളിൽ കാട്ടുമൃഗങ്ങൾ വ്യാപകമായി കൃഷിനാശം ഉണ്ടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

മേൽ പറയുന്ന പ്രദേശങ്ങളിൽ വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് "ഇ-ഡിസ്ട്രിക്ട്" പോർട്ടൽ മുഖാന്തരം ലഭിക്കുന്ന അപേക്ഷകളിൽ നഷ്ടപരിഹാരം 8-1-2015-ലെ സ.ഉ.(കൈ)നമ്പർ 2/2015/വനം എന്ന ഉത്തരവ് പ്രകാരം നൽകിവരുന്നുണ്ട്. ശല്യക്കാരായ കാട്ടുപന്നികളെ വെടിവച്ച് കൊല്ലുവാനുള്ള അനുവാദം 18-2-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ കാലാവധി അവസാനിച്ചതിനാൽ, 29-5-2021 -ലെ സ.ഉ. (സാധാ) നമ്പർ 159/2021/ വനം ഉത്തരവ് പ്രകാരം 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ കോഴിക്കോട് ജില്ലയിൽ നാളിതുവരെ ശല്യക്കാരായ 70 കാട്ടുപന്നികളെ വെടിവച്ച് കൊന്നിട്ടുണ്ട്. മേൽപ്പറഞ്ഞ പഞ്ചായത്തുകൾ പെടുന്ന പെരുവണ്ണാമൂഴി റെയിഞ്ചിൽ 2018-19 മുതൽ 2020-21 വരെ കൃഷിനാശത്തിന് നഷ്ടപരിഹാരമായി 8,18,773 രൂപ നൽകിയിട്ടുണ്ട്.

ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതി

81(586) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

നോർത്ത് വയനാട് വനം ഡിവിഷനിലെ കൂടൽകടവ് മുതൽ പാൽവെളിച്ചം വരെ 6 കി.മീ. നീളത്തിലും സൗത്ത് വയനാട് വനം ഡിവിഷനിലെ നെയ്ക്കുപ്പ മുതൽ ദാസനക്കര വരെയുള്ള 14.5 കി.മീ.-ൽ ഏകദേശം 2.5 കി.മീ. ദൂരവും വരുന്ന ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് മാനന്തവാടി നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്നതാണ്.

(ബി) നിലവിൽ പദ്ധതി നടപ്പാക്കുന്ന സ്ഥലങ്ങളിലെ പുരോഗതി അറിയിക്കാമോ?

നോർത്ത് വയനാട് വനം ഡിവിഷനിലെ കൂടൽകടവ് മുതൽ പാൽവെളിച്ചം വരെയുള്ള 6 കി.മീ. ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗിന്റെ നിർമ്മാണത്തിന് വേണ്ടി അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സൗത്ത് വയനാട് വനം ഡിവിഷനിലെ നെയ്ക്കുപ്പ മുതൽ ദാസനക്കര വരെയുള്ള 2.5 കി.മീ. ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗിന്റെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ട്.